എൻ.എം3/48141/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 11/08/2015

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - ഉച്ചഭക്ഷണപദ്ധതി - 2015 ഓണത്തോടനുബന്ധിച്ച് ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽപ്പെട്ട എല്ലാ സ്കൂൾ കുട്ടികൾക്കും 5 kg സ്പെഷ്യൽ അരി വിതരണം ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:- സർക്കാർ ഉത്തരവ് നം. 203/2015 പൊ.വി.വ. തീയതി 30/07/15

സ്കൂൾ ഉച്ചഭക്ഷണപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കുട്ടികൾക്കും 2015-ലെ ഓണത്തോടനുബന്ധിച്ച് 5 kg വീതം സ്പെഷ്യൽ അരി വിതരണം ചെയ്യുവാൻ സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) സ്കൂൾ ഉച്ചഭക്ഷണപദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾക്കു മാത്രം സ്പെഷ്യൽ അരി വിതരണം ചെയ്യേണ്ടതാണ്.
(2) സ്റ്റേറ്റ് സോഫ്റ്റ്‌വെയറിലൂടെ മാത്രമേ ഇൻഡന്റ് പാസ്സാക്കി നൽകുവാൻ പാടുള്ളൂ.
(3) ഓണാവധി ആരംഭിക്കുന്നതിനു മുൻപായി സ്പെഷ്യൽ അരി വിതരണം ചെയ്യാൻ എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും നിർദ്ദേശം നൽകേണ്ടതാണ്.
(4) നിലവിലുള്ള സ്പെഷ്യൽ അരി വിതരണ രജിസ്റ്ററിൽ ടി വിവരം രേഖപ്പെടുത്തി സൂക്ഷിക്കാൻ എല്ലാ പ്രഥമാധ്യാപകർക്കും നിർദ്ദേശം നൽകേണ്ടതാണ്.
(5) സെപ്തംബർ മാസത്തെ അരി വിതരണം 25 ദിവസത്തേക്കു മാത്രം പാസ്സാക്കേണ്ടതാണ്.
(6) എല്ലാ സ്കൂളുകളിലും ഓണാവധി ആരംഭിക്കുന്നതിന് മുൻപായി സ്പെഷ്യൽ അരി വിതരണം ചെയ്തിട്ടുണ്ടെന്ന് DDE/NFS, AEO/NMO എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.
(7) സ്പെഷ്യൽ അരി വിതരണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ DDE / NFS, AEO / NMO എന്നിവർ അവരവരുടെ തലത്തിൽ തീർപ്പാക്കേണ്ടതാണ്.
(8) സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനു നൽകിയിട്ടുള്ള അരി വിഹിതത്തിൽ K2 register–ലെ അരി വിഹിതത്തേക്കാൾ കൂടുതൽ ഉണ്ടെങ്കിൽ ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി ഉപയോഗിക്കുവാൻ സ്കൂൾ പ്രഥമാധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)

വിലാസിനി കേദാരമംഗലത്ത്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺമീൽ)
പൊതുവിദ്യാഭ്യസ ഡയറക്ടറേറ്റ്

പകർപ്പ്:
1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3. എല്ലാ പ്രധാന അധ്യാപകർക്കും (ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
4. ഡയറക്ടർ IT@School (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ